പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4592 — 21.03.2018 ൽ മറുപടിയ്ക്ക്

## സപ്ലൈകോയിലെ ക്രമക്കേടുകൾ പരിശോധിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.പി.ജെ.ജോസഫ്<br>ശ്രീ. മോൻസ് ജോസഫ്<br>ഡോ.എൻ.ജയരാജ് | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സപ്ലൈകോയിലെ നിത്യോപയോഗസാധനങ്ങൾ പൊതു വിപണിയിൽ മറിച്ചുവില്ക്കുന്നതായുള്ള ആക്ഷേപം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നറിയിക്കാമോ; | (എ) സപ്ലൈകോയിലെ നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിൽ മറിച്ചു വിൽക്കുന്നത് തടയുവാൻ വിജിലൻസ് ഫ്ലയിംഗ് സ്ക്വാഡ് ഉദ്യോഗസ്ഥർ കർശനമായ പരിശോധനകൾ നടത്തി വരുന്നു. |
| (ബി) സപ്ലൈകോ ഔട്ട് ലെറ്റ്, ഗോഡൗൺ എന്നിവിടങ്ങളിൽ സ്റ്റോക്കിലും വിതരണത്തിലുമുള്ള ക്രമക്കേട് പരിശോധിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (ബി) ജൂനിയർ മാനേജർമാരും (M&I) വിജിലൻസ് ഓഫീസറും ഫ്ലയിംഗ് സ്ക്വാഡ് ഓഫീസർമാരും ഡിപ്പോകളിലും ഗോഡൗണുകളിലും ഔട്ട് ലെറ്റുകളിലും കർശന പരിശോധനകൾ നടത്തി വരുന്നു. |
| (സി) കാലാവധി കഴിഞ്ഞ സ്റ്റോക്ക് തിരിച്ചെടുത്ത് തട്ടിപ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതു തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലാവധി കഴിയുകയോ ഉപയോഗശൂന്യമാവുകയോ ചെയ്യുന്ന സാധനങ്ങൾ ഔട്ട് ലെറ്റുകളിൽ നിന്ന് GIS (Goods Issue Sheet) നോടൊപ്പം ഡിപ്പോയിലേക്ക് തിരികെ നൽകുകയും ഇത് കൺസോളിഡേറ്റ് ചെയ്ത് കമ്പനിക്ക് ഡിപ്പോയിൽ നിന്ന് പർച്ചേസ് റിട്ടേൺ ചെയ്യുകയും പർച്ചേസ് റിട്ടേൺ പ്രകാരമുള്ള തുക, അടുത്ത ബില്ലിൽ സപ്ലൈകോയ്ക്ക് കുറവു ചെയ്ത ലഭിക്കുകയും ചെയ്യുന്നു. |
| (ഡി) പൊതുമാർക്കറ്റിലുള്ള വിലയെക്കാൾ ഉയർന്നവില നിത്യോപയോഗ സാധനങ്ങൾക്ക് ഈടാക്കുന്നത് തടയുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) പൊതുവിപണി വിലയേക്കാൾ കുറവാണെന്ന് ഉറപ്പ് വരുത്തിയ ശേഷമാണ് സപ്ലൈകോ വില്പനശാലകളിലൂടെ നിത്യോപയോഗ സാധനങ്ങൾ വില്പന നടത്തുന്നത്. |

| | | | |
|---|---|---|---|
| (ഇ) | വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം സർക്കാർ പരിശോധിക്കുന്നുണ്ടോ; ഇതിനായി എന്ത് സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ നൽകുമോ? | (ഇ) | വിതരണത്തിനുമുൻപ് NABL ലാബുകളിൽ (നാഷണൽ അക്രിഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻറ് കാലിബ്രേഷൻ ലാബോറട്ടറി) സാധനങ്ങളുടെ പരിശോധന നടത്തുന്നതിനു പുറമേ, സപ്ലൈകോയുടെ ക്വാളിറ്റി വിഭാഗം സാധനങ്ങൾ കോന്നിയിലെ CFRD (Council for Food Research & Development) ലാബിൽ ഗുണനിലവാര പരിശോധന നടത്തി ഭക്ഷ്യയോഗ്യമാണോ എന്ന് ഉറപ്പ് വരുത്താറുണ്ട്. കോർപ്പറേഷൻ വിൽക്കുന്ന പാക്കറ്റ് വസ്തുക്കൾക്ക് ISO22000/ HACCP (Hazard Analysis and Critical Control Point)/ FSSAI (Food Safety Standard Authority of India)/AGMARK ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ